**ഗവൺമെന്റ് പ്രമേയം**

മി. സ്പീക്കർ: ഓർഡർ...ഓർഡർ.....ചട്ടം 118 പ്രകാരമുള്ള ഒരു പ്രമേയം ഇന്നത്തെ കാര്യവിവരപട്ടികയിൽ 5-ാം ഇനമായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രമേയത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് കൂടുതൽ കൂടിയാലോചനകൾ ആവശ്യമുണ്ടെന്ന പൊതുവായൊരഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ പ്രസ്തുത പ്രമേയം നാളെ പരിഗണിക്കാനായി മാറ്റിവയ്ക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ:സർ, (...മൈക്ക് ഓഫ്... അപ്പോൾ ഭേദഗതി സമർപ്പിക്കാനുള്ള സമയം കൂടി നീട്ടണം.).

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയം നാളത്തേയ്ക്ക് മാറ്റിവയ്ക്കുന്നതുകൊണ്ട് ഭേദഗതി സമർപ്പിക്കാനുള്ള സമയം നീട്ടി കൊടുക്കാവുന്നതാണ്. ഇപ്പോൾ കൊടുത്തതുകൂടാതെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ആർക്കെങ്കിലും ഇനിയും ഭേദഗതി കൊടുക്കണമെന്നുണ്ടെങ്കിൽ കൊടുക്കുകയും ചെയ്യാം.